പാലക്കാട് ജില്ലയിൽ ഹൈസ്ക്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി

63 [1423] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹൈസ്ക്കൂൾ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പൊതുലിസ്റ്റും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലിസ്റ്റും നിലവിലുണ്ടോ;

(സി) എങ്കിൽ ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)	..	12
	,, (നാച്വറൽ സയൻസ്)	..	32
	,, (ഇംഗ്ലീഷ്)	..	28
	,, (കണക്ക്)	..	4
	,, (സോഷ്യൽ സയൻസ്)	..	6
	,, (മലയാളം)	..	10
	,, (സംസ്കൃതം)	..	3
	,, (അറബിക്)	..	1
	,, (ഹിന്ദി)	..	7
	,, (തമിഴ്)	..	1
	,, സംസ്കൃതം (പാർട്ടൈം)	..	3

ആകെ 107 ഒഴിവുകളുണ്ട്.

(ബി) എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്), എച്ച്. എസ്. എ. (കണക്ക്), എച്ച്. എസ്. എ. (സോഷ്യൽ സയൻസ്), എച്ച്. എസ്. എ. (ഹിന്ദി), എച്ച്. എസ്. എ. (സംസ്കൃതം), എച്ച്. എസ്. എ. (അറബിക്), എച്ച്. എസ്. എ. (തമിഴ്) എച്ച്. എസ്. എ. (സംസ്കൃതം) പാർട്ടൈം എന്നീ വിഷയങ്ങളിൽ പൊതുലിസ്റ്റ് നിലവിലുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലിസ്റ്റ് നിലവിലില്ല.

(സി) ഒഴിവുകൾ നികത്താൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly